(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ലാബ് കോംപ്ലെക്സ് പണിയാനുള്ള പദ്ധതി പ്രാരംഭ ദശയിലാണ്. ഈ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് കൂടിയാലോചനകൾ നടന്നുവരുന്നു.

(ഇ) ഈ പദ്ധതി സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിവരികയാണ്.

ആശുപത്രികളിലെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള നടപടികൾ

*7 [280] ശ്രീ. ടി. പി. രാമകൃഷ്ണൻ:

" വി. ചെന്താമരാക്ഷൻ:

" എ. സി. മൊയ്തീൻ:

" സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ മാലിന്യനിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ സമയപരിധി നിർദ്ദേശിച്ചിരുന്നുവോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളടക്കമുള്ള സർക്കാർ ആശുപത്രികളിൽ നിന്നും പുറംതള്ളുന്ന മുറിച്ചുമാറ്റപ്പെട്ട മനുഷ്യാവയവങ്ങൾ അടക്കമുള്ള മാലിന്യങ്ങൾ ആശുപത്രി പരിസരത്ത് കിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) മാലിന്യ നിർമ്മാർജ്ജനത്തിനായി വാങ്ങിയ ഇൻസിനറേറ്ററുകൾ ഉപയോഗിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ അവ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എച്ച്) സംസ്ഥാനത്തെ ആശുപത്രികളിൽ മാലിന്യ നിർമ്മാർജ്ജനത്തിന് കുറ്റമറ്റ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) സംസ്ഥാനത്തെ സർക്കാർ ഉടമസ്ഥതയിലുള്ള ആശുപത്രികളിൽ 1998-ലെ ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്) റൂൾസ് പ്രകാരം ഏർപ്പെടുത്തേണ്ട മാലിന്യ-ശേഖരണ-സംസ്കരണ-നിർമ്മാർജ്ജന പരിപാടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പിലാക്കിവരുന്നു. ടി റൂൾസ് പ്രകാരം ബോർഡിന്റെ താൽക്കാലിക ഓതറൈസേഷൻ ആശുപത്രികൾക്ക് നൽകുന്നു. പല സ്വകാര്യ ആശുപത്രികളിലും മാലിന്യ സംസ്കരണ

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ശേഷിക്കുന്ന ആശുപത്രികൾ പൊതു സംസ്കരണ സംവിധാനത്തിൽ ചേരാനായി നടപടി കൈക്കൊണ്ടുവരുന്നു. ഐ.എം.എ.-യുടെ നേതൃത്വത്തിൽ നാല് കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ കൊല്ലം, ഇടുക്കി, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ നടപടിയെടുത്തു. പാലക്കാട്ടുള്ള പൊതു സംസ്കരണ സംവിധാനം 2004 ഫെബ്രുവരി മാസത്തിൽ പ്രവർത്തനം തുടങ്ങി. സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിലെ നൂറനാട്, തൃശൂരിലെ കൊരട്ടി, കണ്ണൂരിലെ പരിയാരം എന്നിവിടങ്ങളിൽ പൊതുമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുവാൻ തത്വത്തിൽ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പാലക്കാട്ടുള്ള പൊതു സംവിധാനത്തിൽ സമീപ ജില്ലകളിലെ സർക്കാർ ആശുപത്രികളിൽ നിന്നുള്ള മാലിന്യങ്ങൾകൂടി സംസ്കരിക്കാനുള്ള നിർദ്ദേശം ആലോചനയിലുണ്ട്.

(ബി ആന്റ് സി) നിശ്ചയിച്ചിരുന്നു. കേന്ദ്ര പരിസ്ഥിതി-വന മന്ത്രാലയം വിജ്ഞാപനം ചെയ്തിട്ടുള്ള ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) റൂൾസ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള സമയപരിധി താഴെ പറയുന്നു:

(i) 500-ഉം അതിലധികമോ കിടക്കകളുള്ളവ—30-6-2000-ത്തിനകം.

(ii) 200 മുതൽ 500-ൽ താഴെ കിടക്കകളുള്ളവ—31-12-2000-ത്തിനകം.

(iii) 50 മുതൽ 200-ൽ താഴെ കിടക്കകളുള്ളവ—31-12-2001-നകം.

(iv) 50-ൽ താഴെ കിടക്കകളുള്ളവ—31-12-2002-നകം.

(ഡി ആന്റ് ഇ) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ ബയോമെഡിക്കൽ റൂളിൽ അനുശാസിക്കുന്ന തരത്തിൽ തരംതിരിച്ച് ശേഖരിക്കാനും അവ സംസ്കരിക്കാനും സംവിധാനമുള്ള സ്ഥലങ്ങളിൽ അപ്രകാരം ചെയ്യാനും അല്ലാത്തുള്ള സ്ഥലങ്ങളിൽ പൊതു സംസ്കരണ സംവിധാനം നിലവിൽ വരുന്നതുവരെ കുഴിച്ചുമൂടാനും നടപടി കൈക്കൊണ്ടിട്ടുണ്ട്.

(എഫ് ആന്റ് ജി) മിക്കവാറും ഇൻസിനറേറ്ററുകൾ പ്രവർത്തിപ്പിക്കുന്നുണ്ട്. എറണാകുളത്തെയും തിരുവനന്തപുരത്തെയും ജനറൽ ആശുപത്രികളിൽ ഉള്ള ഇൻസിനറേറ്ററുകൾ യഥാക്രമം സംസ്ഥാന ഉപഭോക്തൃ ഫോറത്തിൽ നില നിൽക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും, അറ്റകുറ്റപ്പണിയിലായതുമൂലവും പ്രവർത്തിക്കുന്നില്ല. എറണാകുളത്തെ മാലിന്യങ്ങൾ പാലക്കാട് പൊതു സംസ്കരണ സംവിധാനത്തിൽ സംസ്കരിപ്പിക്കാനുള്ള നിർദ്ദേശം പരിഗണനയിലാണ്. ഇൻസിനറേറ്ററുകൾ റിപ്പയർ ചെയ്യാൻ നടപടി എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ സ്വകാര്യ-സർക്കാർ ഉടമസ്ഥതയിലുള്ള ആശുപത്രികളിൽ ബയോമെഡിക്കൽ വേസ്റ്റ് റൂളിൽ അനുശാസിക്കുന്ന തരത്തിലുള്ള മാലിന്യ ശേഖരണ-സംസ്കരണ-നിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. സർക്കാർ ആശുപത്രികളുടെ കാര്യത്തിൽ ഇക്കാര്യങ്ങൾ ത്വരിതപ്പെടുത്താനായി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ പ്രതിമാസ അവലോകന മീറ്റിംഗുകൾ നടത്തിവരുന്നു. കഴിയുന്നത്ര പെട്ടെന്നുമാലിന്യ സംസ്കരണ സംവിധാനങ്ങൾ വേഗത്തിൽ സ്ഥാപിക്കാനുള്ള നടപടികൾ സംസ്ഥാന സർക്കാരിന്റെയും ഐ.എം.എ.-യുടെയും അഭിമുഖ്യത്തിൽ നടന്നുവരുന്നു.

ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

*8 [281] ശ്രീ. മത്തായി ചാക്കോ:
" വി. കെ. ചന്ദ്രൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ജനതയുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഗ്രാമവികസന വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) കേന്ദ്ര ഗ്രാമീണ വകുപ്പിന്റെ കീഴിൽ വരുന്ന സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർയോജന, പി.എം.ജി.എസ്.വൈ., എസ്.ജി.എസ്.വൈ., ജെ.ഒ.എസ്.വൈ. അന്നപൂർണ്ണ സ്കീം എന്നീ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഈ പദ്ധതികൾ പ്രകാരം ഗ്രാമീണ മേഖലയിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും എത്ര കിലോമീറ്റർ റോഡുകൾ പൂർത്തീകരിക്കാനും കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) എസ്.ജി.എസ്.വൈ. പദ്ധതിപ്രകാരം എത്ര പേർക്ക് സ്വയം തൊഴിൽ സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്; ഇതിനുവേണ്ടി കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ഇ) ജവഹർ ഗ്രാം സമൃദ്ധി യോജന പദ്ധതിമൂലം ഗ്രാമീണരുടെ ജീവിത നിലവാരം ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly